LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ 65 റോഡു പ്രവൃത്തികൾക്ക് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ലിസ്റ്റ് 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 65 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 47 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ലിസ്റ്റ് 2-ലും* നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ലിസ്റ്റ് 3-ലും* ഉൾപ്പെടുത്തിയിട്ടുണ്ട്.

എറണാകുളത്തെ വല നിർമ്മാണ ഫാക്ടറി

114 (4449) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്തെ വല നിർമ്മാണ ഫാക്ടറിയിലെ പഴയ വല നിർമ്മാണ യന്ത്രങ്ങൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ യന്ത്രങ്ങൾ സ്ഥാപിക്കാനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഏതെല്ലാം ഇനിയും സ്ഥാപിക്കാനുണ്ട് ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിൽ സ്ഥിതി ചെയ്യുന്ന പഴയ വല നിർമ്മാണ ശാലയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപയാണ് 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ തുകയൊന്നും തന്നെ ഇതുവരെ ചെലവഴിച്ചിട്ടില്ല. പ്രസ്തുത ഫാക്ടറിയുടെ നവീകരണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ എറണാകുളം വല നിർമ്മാണ ശാലയിലെ പഴയതും ഉത്പാദനക്ഷമത കുറഞ്ഞതും കാലഹരണപ്പെട്ടതുമായ 7 മെഷീനറികൾ മാറ്റി പുതിയ വിദേശ നിർമ്മിത മെഷീനറികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇറക്കുമതി ചെയ്ത് സ്ഥാപിക്കുന്നതിനുവേണ്ടി ആഗോള ടെണ്ടർ (ഐ.സി.ബി) ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ മെഷീനറികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. എത്രയും വേഗം തന്നെ മെഷിനറികൾ ഇറക്കുമതി ചെയ്ത് സ്ഥാപിച്ച് വലനിർമ്മാണ ശാലയുടെ ആദ്യഘട്ട നവീകരണ പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

115 (4450) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരം കടൽ എടുത്തതിനാൽ വീടും സ്ഥലവും നഷ്ടപ്പെട്ട് വിവിധ ക്യാമ്പുകളിലായി കഴിയുന്ന അമ്പലപ്പുഴ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ശിശുവിഹാർ വണ്ടാനം, കരിനില വികസന ഏജൻസി പുറക്കാട്, എസ്.വി.ഡി.യു.പി സ്കൂൾ പുറക്കാട്, റെയിൽവേ പുറംപോക്ക് വണ്ടാനം, വാടക വീടുകൾ എന്നിവിടങ്ങളിൽ എത്ര കുടുംബങ്ങൾ വീടും സ്ഥലവുമില്ലാതെ കഴിയുന്നു ; അവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ ;

(സി) ക്യാമ്പ് നിവാസികൾക്ക് പ്രാഥമിക കാര്യം നിർവ്വഹിക്കുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുമോ ; ഇവർക്ക് സൗജന്യ റേഷൻ മുടക്കം കൂടാതെ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദുരിതാശ്വാസം സംബന്ധിച്ച പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത് റവന്യൂ വകുപ്പാണ്. അമ്പലപ്പുഴ, പുറക്കാട്, പുന്നപ്ര മേഖലകളിൽ കടലാക്രമണം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനായി റവന്യൂ വകുപ്പ് വഴി നടപടികൾ സ്വീകരിച്ചുവരുന്നു. പുറക്കാട്, പുന്നപ്ര മേഖലകളിൽ കടലാക്രമണം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് വഴി ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സ്പെഷ്യൽ കേസായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ശിശുവിഹാർ, വണ്ടാനം :

9 കുടുംബങ്ങൾ താമസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly